# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ജൂലൈ 13

July 13

2019

*1193 മിഥുനം 28* ശനി

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

### മിൽമയുടേത് ജനങ്ങൾക്ക് വിശ്വാസമുള്ള പാലും ഉത്പന്നങ്ങളും: മന്ത്രി കെ രാജു

ജനങ്ങൾക്ക് വിശ്വാസമുള്ള പാലും അനുബന്ധ ഉത്പന്നങ്ങളുമാണ് മിൽമ ലഭ്യമാക്കുന്നതെന്ന് വനം, ക്ഷീരവികസന വകുപ്പ് മന്ത്രി കെ രാജു പറഞ്ഞു. മിൽമ പത്തനംതിട്ട ഡയറിക്കു ലഭിച്ച ഐ എസ് ഒ സർട്ടിഫിക്കറ്റ് സ്വീകരിച്ച് പത്തനംതിട്ട ഡയറി അങ്കണത്തിൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ക്ഷീര മേഖലയുടെ നട്ടെല്ലാണ് കർഷകർ. പ്രളയാനന്തര നഷ്ടങ്ങളെ അതിജീവിച്ച് മുന്നേറാൻ ക്ഷീരവികസന മേഖലയ്ക്ക് സാധിച്ചു. ക്ഷീര കർഷകരെ മേഖലയിൽ ഉറച്ചു നിർത്തുന്നതിനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. ക്ഷീര വികസന മേഖല നേരിടാൻ പോകുന്ന വലിയ വെല്ലുവിളിയാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള ആർ സി പി കരാർ. നികുതി രഹിത ഇറക്കുമതി കർഷക വിപണിയുടെ തകർച്ചയ്ക്ക് കാരണമാകുമെന്നും മന്ത്രി പറഞ്ഞു.

ഐ ആർ ക്യു എസ് പ്രതിനിധി ടോംസി തോമസിൽ നിന്നും ഐ എസ് ഒ സർട്ടിഫിക്കറ്റ് മന്ത്രി കെ രാജു ഏറ്റുവാങ്ങി. ഒപ്പം ഐഎസ്ഒ കൺസൾട്ടന്റിനും ഐഎസ്ഒ ടീം അംഗങ്ങൾക്കുമുള്ള ഉപഹാര വിതരണവും മന്ത്രി നിർവഹിച്ചു. പത്തനംതിട്ട ഡയറിക്ക് ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം ഐ.എസ്.ഒ 9001 : 2015, എൻവയോൺമെന്റൽ

മാനേജ്മെന്റ് സിസ്റ്റം 14001: 2015, ഒക്യുപേഷണൽ ഹെൽത്ത് ആൻഡ് സേഫ്റ്റി മാനേജ്മെന്റ് 45001:2018 എന്നീ അന്താരാഷ്ട്ര അംഗീകാരങ്ങളാണ് ലഭിച്ചത്. ഭക്ഷ്യ സുരക്ഷാ അംഗീകാരമായ ഐ.എസ്.ഒ 22000:2005 നേരത്തേ കരസ്ഥമാക്കിയ പത്തനംതിട്ട ഡയറി പ്രവർത്തനങ്ങളിലും, തൊഴിൽ സുരക്ഷയിലും, പരിസ്ഥിതി സുരക്ഷയിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള മാനദണ്ഡങ്ങൾ സുസ്ഥിരമായി പാലിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനുള്ള അംഗീകാരമായാണ് പുതിയ സാക്ഷ്യപത്രങ്ങൾ ലഭിക്കുന്നത്. മിൽമ തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയന്റെ കീഴിലാണ് പത്തനംതിട്ട ഡയറി പ്രവർത്തിക്കുന്നത്.

മിൽമ ചെയർമാൻ കല്ലട രമേശ് അധ്യക്ഷത വഹിച്ചു. സുരഭി കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതിയുടെ ഉദ്ഘാടനവും ക്ഷീരകർഷകർക്കുള്ള മരണാനന്തര ധനസഹായ വിതരണവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിച്ചു. ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം കെ.സി.എം.എം.എഫ് ചെയർമാൻ പി.എ ബാലൻ മാസ്റ്റർ വിതരണം ചെയ്തു.

കാലിത്തൊഴുത്ത് നവീകരണ ധനസഹായ വിതരണം കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ചെയർമാൻ എൻ രാജൻ നിർവഹിച്ചു. കന്നുകാലി ഇൻഷുറൻസ് ധനസഹായ വിതരണം വള്ളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസിമോൾ ജോസഫ് നിർവഹിച്ചു. സഞ്ചാലക് നിധി വിതരണം ജില്ലാ പഞ്ചായത്തംഗം എലിസബത്ത് അബു നിർവഹിച്ചു. റ്റി.ആർ.സി.എം.പി.യു ഡയറക്ടർമാരായ മാത്യു ചാമത്തിൽ, ലിസി മത്തായി, റ്റി.ആർ.സി.എം.പി.യു മാനേജിംഗ് ഡയറക്ടർ ഇൻ ചാർജ് കുര്യാക്കോസ് സക്കറിയ,

കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, കോന്നി ബ്ലോക്ക് പഞ്ചായത്ത് അംഗം റോസമ്മ ബാബുജി, വള്ളിക്കോട് ഗ്രാമപഞ്ചായത്ത് അംഗങ്ങളായ നിർമല സാം, അമ്പിളി ജി നായർ, ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സിൽവി മാത്യു, ജീവനക്കാരുടെ സംഘടനാ പ്രതിനിധികളായ പി. സത്യപാലൻ, വി.വി. ഹരികുമാർ, രാജു തോമസ്, പത്തനംതിട്ട ഡയറി മാനേജർ സൂസൻ തോമസ് തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1749/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) മിൽമ പത്തനംതിട്ട ഡയറിക്കു ലഭിച്ച ഐ എസ് ഒ സർട്ടിഫിക്കറ്റ് ഐ ആർ ക്യു എസ് പ്രതിനിധി ടോംസി തോമസിൽ നിന്നും മന്ത്രി കെ രാജു ഏറ്റുവാങ്ങുന്നു.

2) മിൽമ പത്തനംതിട്ട ഡയറിക്കു ലഭിച്ച ഐ എസ് ഒ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട പൊതുസമ്മേളനം പത്തനംതിട്ട ഡയറി അങ്കണത്തിൽ മന്ത്രി കെ രാജു ഉദ്ഘാടനം ചെയ്യുന്നു.

3) മിൽമ പത്തനംതിട്ട ഡയറിക്കു ലഭിച്ച ഐ എസ് ഒ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട പൊതുസമ്മേളനം പത്തനംതിട്ട ഡയറി അങ്കണത്തിൽ ഉദ്ഘാടനം ചെയ്തു മന്ത്രി കെ രാജു പ്രസംഗിക്കുന്നു.






**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 13<br>July 13 | 2019 |
|---|---|

*1193 മിഥുനം 28* ശനി

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പന്തളം 33 കെവി സബ് സ്റ്റേഷൻ ഉദ്ഘാടനം 18ന്**

പന്തളം 33 കെവി സബ് സ്റ്റേഷൻ 18ന് രാവിലെ 11ന് വൈദ്യുതി വകുപ്പ് മന്ത്രി എം.എം. മണി ഉദ്ഘാടനം ചെയ്യുമെന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ അറിയിച്ചു.

പന്തളം നഗരസഭ, കുളനട, തുമ്പമൺ, നൂറനാട് എന്നീ പ്രദേശങ്ങളിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണ് പുതിയ സബ് സ്റ്റേഷൻ. പദ്ധതി 2011ൽ ആണ് ആരംഭിച്ചത്. 2016ൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ഇന്റഗ്രേറ്റഡ് പവർ ഡവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തിയാണ് പദ്ധതി യാഥാർഥ്യമാക്കുന്നത്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക, പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക, തടസമില്ലാതെ വൈദ്യുതി ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ പുതിയ സബ് സ്റ്റേഷനിലൂടെ കഴിയും. സബ് സ്റ്റേഷൻ നാടിന് സമർപ്പിക്കുന്ന സമ്മേളനത്തിൽ ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിക്കും. (പിഎൻപി 1750/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.